(ബി)&(സി) വടക്കെ വയനാട് നിയോജകമണ്ഡലത്തിലെ എം. എൽ.എ. റോഡായ പുഞ്ചവയൽ-കാട്ടിക്കുളം റോഡിന്റെ മൊത്തം നീളം 23.434 കി.മീ. ആണ്. അതിൽ 15.44 കി.മീ. ജില്ലാ പഞ്ചായത്തിന് കൈമാറിയതാണ്. 6/800 മുതൽ 7/500 വരെയും 7/500 മുതൽ 7/950 വരെയും പണികൾ നടന്നു വരുന്നു. 6/800 ലും 7/300 ലും രണ്ട് പാലങ്ങളുടെ പണി തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 3/0 മുതൽ 6/800 വരെയുള്ള ഭാഗത്ത് ടാർ പണി പൂർത്തിയായി വരുന്നു. 16/0 മുതൽ 19/0 വരെയുള്ള ഭാഗത്ത് അറ്റകുറ്റപണികൾ ചെയ്തിട്ടുണ്ട്.

127 (1345) "അരുവിക്കര-അഴിക്കോട് റോഡ്"

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ അരുവിക്കര-അഴിക്കോട് റോഡ് ഗതാഗതത്തിന് യോഗ്യമല്ലാതായി തീർന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) അരുവിക്കര-അഴിക്കോട് റോഡിന്റെ അറ്റകുറ്റപണികൾ തീർത്ത് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

128 (1346) "അറയ്ക്കൽ മണ്ഡലത്തിലെ എം.എൽ.എ. റോഡ്"

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറയ്ക്കൽ നിയോജകമണ്ഡലത്തിലെ പഴയ എം.എൽ.എ. റോഡായ പാരലൽ വി.പി. റോഡിന്റെ രണ്ടാം ഘട്ടം നിർമ്മാണ ജോലി ടെൻഡർ നടപടി ക്രമങ്ങൾ പൂർത്തിയായിട്ടും എന്തുകൊണ്ടാണ് പണി ആരംഭിക്കാത്തത് എന്ന് വ്യക്തമാക്കുമോ;

(ബി) ടെൻഡർ വെച്ച കരാറുകാരനെകൊണ്ടോ അദ്ദേഹം സന്നദ്ധനല്ലെങ്കിൽ നിയമപ്രകാരം അയാളെ ഒഴിവാക്കി അടുത്ത കരാറുകാരനെക്കൊണ്ടോ പണി നടത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) പ്രസ്തുത റോഡിന്റെ രണ്ടാം ഘട്ടമായ കി.മീ. 10/500 മുതൽ 14/500 വരെ ഭാഗത്തേയ്ക്കുള്ള ടെൻഡർ വിളിച്ചതിൽ ശ്രീ. വർക്കി പത്രോസ് ആന്റ് സൺസിൽ നിന്നും ലഭിച്ച 58% ഉയർന്ന നിരക്കിലുള്ള ടെൻഡറായിരുന്നു ടെൻഡർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വച്ചത്. ഇത് ടെൻഡർ കമ്മിറ്റി 48% ഉയർന്ന നിരക്കിൽ അംഗീകരിച്ചു. എന്നാൽ 48%

LIBRARY ARCHIVES Kerala Legislative Assembly